# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 4221** **16.12.2014- ൽ മറുപടിക്ക്**

## കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണം

| ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിൽ ഇപ്പോൾ കൈത്തറി നെയ്ത്തുകാർക്ക് ആവശ്യമായുള്ള നൂൽ ഉല്പാദനം നടക്കുന്നുവോ; ഇല്ലായെങ്കിൽ പ്രസ്തുത നൂൽ ഏത് വർഷം വരെയാണ് ഉല്പാദിപ്പിച്ചിരുന്നതെന്ന് അറിയിക്കുമോ; ഈ ഉല്പാദനം നിർത്തൽ ചെയ്യുവാനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് അറിയിക്കുമോ; | (എ) ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ കൈത്തറി നെയ്ത്തുകാർക്ക് ആവശ്യമായ നൂൽ ഫെബ്രുവരി 2003 വരെ ഉൽപാദിപ്പിച്ചിരുന്നു. മില്ലിലെ വളരെ കാലപ്പഴക്കം ചെന്ന മെഷീനുകളിൽ ഉൽപാദിപ്പിച്ചിരുന്ന കൈത്തറി നൂലിന്റെ ഗുണ നിലവാരം നിലനിർത്താൻ സാധിക്കാത്തതു കൊണ്ടാണ് കൈത്തറി നൂൽ ഉൽപാദനം നിർത്തിയത്. |
| (ബി) ഇപ്പോൾ ഈ മില്ലിൽ പ്രധാനമായും ഉല്പാദനം നടത്തുന്നത് പോളിസ്റ്റർ കോട്ടൻ നൂലുകളാണോ; എങ്കിൽ ആയതിന്റെ ഉല്പാദനം ലാഭകരമായിട്ടാണോ മുന്നോട്ട് പോകുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) ഇപ്പോൾ പോളിസ്റ്റർ കോട്ടൺ നൂലും കോട്ടൺ നൂലുകളുമാണ് ഉൽപാദിപ്പിക്കുന്നത്. ടെക്സ്റ്റൈൽ മേഖലയിലുള്ള പ്രതിസന്ധി ഈ മില്ലിനെയും ബാധിക്കുകയും മിൽ ഉൽപ്പാദനം ലാഭകരമായി മുന്നോട്ടു പോകാൻ ഇപ്പോൾ സാധിക്കാതെ വരികയും ചെയ്യുന്നു. |

(സി) ചൈനീസ് വസ്തുക്കളുടെയും, നൂലിന്റെയും അധികൃം വിപണിയിൽ വളരെ കൂടുതലായതിനാൽ മില്ലിൽ ഉല്പാദിപ്പിക്കുന്ന നൂലിന് വിപണി കണ്ടെത്തി ലാഭകരമാക്കുവാൻ ബുദ്ധിമുട്ടുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം അറിയിക്കുമോ;

(സി) ചൈനീസ് നൂലിന്റെ പ്രൊഡക്ഷൻ കോസ്റ്റ് കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിൽ ഉൽപാദിപ്പിക്കുന്ന നൂലിന്റെ പ്രൊഡക്ഷൻ കോസ്റ്റിനേക്കാൾ കുറവാണ്. ആയതിനാൽ ഡിമാൻഡിൽ കുറവു വരുകയും മാർക്കറ്റിൽ കടുത്ത മത്സരം നേരിടേണ്ടി വരുകയും ചെയ്യുന്നു.

(ഡി) നിലവിൽ മില്ലിന്റെ പ്രവർത്തനം വളരെ നഷ്ടത്തിലാണെന്നും യന്ത്രങ്ങളുടെ ആധുനിക നവീകരണം അത്യാവശ്യമാണെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിലവിൽ മിൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് ഗുണനിലവാരമുള്ള നൂൽ ഉൽപാദിപ്പിക്കുന്നതിനായി മിൽ നവീകരണത്തിനായുള്ള 57.39 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് സർക്കാർ ശുപാർശ ചെയ്തത് എൻ.സി.ഡി.സിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ഇ) സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലേക്ക് സർക്കാരിന്റെ സാമ്പത്തിക വിഹിതം ആവശ്യമായുണ്ടോ; എങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

(ഇ) ഉണ്ട്. എൻ.സി.ഡി.സി അംഗീകരിച്ച 57.39 കോടി രൂപയുടെ പ്രോജക്ടിൽ അംഗങ്ങളുടെ ഓഹരി പങ്കാളിത്ത വിഹിതം 5.73 കോടി രൂപയാണ്.

സെക്ഷൻ ഓഫീസർ